ഹരിതകേരളം മിഷൻ
കേരള സർക്കാർ

15.06.2020

# പത്രക്കുറിപ്പ്

## തെങ്ങിനൊപ്പം മറ്റ് വിളകളുടെ കൃഷിയും ഉത്പാദന വർധനയും. ഹരിതകേരളം മിഷൻ ഫേസ്ബുക്ക് ലൈവ് ഇന്ന് (ജൂൺ 16) 3 മണിക്ക്

തെങ്ങിനൊപ്പം മറ്റു വിളകളുടെയും ശാസ്ത്രീയ കൃഷി രീതിയും അതിലൂടെ ഉത്പാദന വർധനയും വിഷയമാക്കി ഹരിതകേരളം മിഷൻ ഫേസ്ബുക്ക് ലൈവ് സംഘടിപ്പിക്കുന്നു. ഇന്ന് (ജൂൺ 16 ചൊവ്വ) വൈകുന്നേരം 3 മുതൽ 4.30 വരെ സംഘടിപ്പിക്കുന്ന ലൈവ് പരിപാടിയിൽ ഇന്ത്യൻ കൗൺസിൽ ഫോർ അഗ്രിക്കൾച്ചറൽ റിസർച്ചിനു കീഴിൽ കാസർകോഡുള്ള കേന്ദ്ര തോട്ടവിള ഗവേഷണ കേന്ദ്രത്തിൽ നിന്നും ഹരിതകേരളം മിഷനിൽ നിന്നും വിദഗ്ദ്ധർ പങ്കെടുക്കും. പ്രേക്ഷകരുടെ ചോദ്യങ്ങൾക്ക് മറുപടിയും സംശയ നിവാരണവും തത്സമയം ലൈവിലൂടെ നൽകും. facebook.com/harithakeralamission പേജ് സന്ദർശിച്ച് ലൈവ് കാണാവുന്നതാണ്.

കൃഷി അടിസ്ഥാനമാക്കി വിവിധ വിഷയങ്ങളിൽ ഹരിതകേരളം മിഷൻ സംഘടിപ്പിച്ച ലൈവ് പരിപാടികൾക്ക് വൻ സ്വീകാര്യതയാണ് ലഭിച്ചത്. അതിനു തുടർച്ചയായാണ് തെങ്ങ് അടിസ്ഥാനമാക്കിയ കൃഷിയും ഉത്പാദന-വരുമാന വർധനയും വിഷയമാക്കി ഇപ്പോൾ ഫേസ്ബുക്ക് ലൈവ് പരിപാടി സംഘടിപ്പിക്കുന്നതെന്ന് ഹരിതകേരളം മിഷൻ എക്സിക്യൂട്ടീവ് വൈസ് ചെയർപേഴ്സൺ ഡോ.ടി.എൻ.സീമ അറിയിച്ചു.

തോട്ടവിള ഗവഷണ കേന്ദ്രം ഡയറക്ടർ ഡോ.അനിതാകരുൺ, ഹരിതകേരളം മിഷൻ എക്സിക്യൂട്ടീവ് വൈസ് ചെയർപേഴ്സൺ ഡോ.ടി.എൻ.സീമ എന്നിവർ പരിപാടിയിൽ ആമുഖാവതരണം നടത്തും. തോട്ടവിള ഗവേഷണ കേന്ദ്രത്തിലെ പ്രിൻസിപ്പൽ സയന്റിസ്റ്റ് ഡോ.സി.തമ്പാൻ വിഷയാവതരണം നടത്തും. തോട്ടവിള ഗവേഷണ കേന്ദ്രത്തിലെ ശാസ്ത്രജ്ഞരായ ഡോ.പി.സുബ്രഹ്മണ്യൻ, ഡോ.പ്രതിഭ പി.എസ്, ഡോ.ഷമീന ബീഗം, ഡോ.ജയശേഖർ എസ്, ഹരിതകേരളം മിഷൻ കൃഷി ഉപവിഭാഗം കൺസൾട്ടന്റ് എസ്.യു.സഞ്ജീവ്, ടെക്നിക്കൽ ഓഫീസർ ഹരിപ്രിയാദേവി.വി.വി എന്നിവർ പങ്കെടുക്കും.

തെങ്ങു കൃഷിയിടങ്ങളിൽ മറ്റ് അനുയോജ്യ വിളകൾ കൃഷി ചെയ്യേണ്ടരീതി, കൃഷിയിറക്കാൻ അനുയോജ്യ സമയം, പരിപാലനം, ഉത്പാദന വർധനക്ക് സ്വീകരിക്കേണ്ട മാർഗ്ഗങ്ങൾ തുടങ്ങിയവ വിശദമാക്കിയാണ് ഫേസ്ബുക്ക് ലൈവ് പരിപാടി സംഘടിപ്പിക്കുന്നത്.

**പബ്ലിക് റിലേഷൻസ് ഓഫീസർ**
**ഹരിതകേരളം മിഷൻ**